# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4687 14.11.2019 ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പ് വഴി നിർവ്വഹണം നടത്തുന്ന കിഫ്ബി പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| ചോദ്യം | മറുപടി |
| --- | --- |
| (എ) കിഫ്ബി പദ്ധതികൾ അനുവദിക്കുന്നതിൽ വേഗതയുണ്ടെങ്കിലും പൊതുമരാമത്ത് വകുപ്പ് വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ വേഗത കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) 2016-17,2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി പ്രവൃത്തികൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കിഫ്ബി പ്രവൃത്തികൾക്ക് നിഷ്കർഷിച്ചിട്ടുള്ള വീതി ഉറപ്പാക്കിയാണ് പ്രവൃത്തികൾ നടന്നുവരുന്നത്. ഇതോടനുബന്ധിച്ച് പുറമ്പോക്ക് ഭൂമി കണ്ടെത്തുകയും ഇലക്ട്രിക്ക് പോസ്റ്റ്, പൈപ്പ് ലൈൻ മുതലായവ മാറ്റിസ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചാണ് നിർമ്മാണം നടത്തി വരുന്നത്. ഇക്കാരണം കൊണ്ട് ചില പ്രവൃത്തികളിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിനകം പൊതുമരാമത്ത് വകുപ്പ് മേൽനോട്ടം വഹിക്കുന്ന എത്ര പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയത്; അതിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തിയായി; | (ബി) 257 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമെ 18 പ്രവ ൃത്തികളിലായി 460.6 കി.മീ നീളം വരുന്ന മലയോര ഹൈവേ പദ്ധതികൾക്കും 15 കി.മീ നീളം വരുന്ന ഒരു തീരദേശ ഹൈവേ പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. പൂർത്തിയായ പദ്ധതികളുടെ |

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ആലപ്പുഴ ജില്ല**

1.ചേർത്തല തണ്ണീർമുക്കം റോഡ്.

2.വാറൻകവല കോൾഗേറ്റ് കാവുങ്കൽ റോഡ്.

3.മുട്ടത്തിപറമ്പ് അർത്തുങ്കൽ റോഡ്.

4.കണിച്ചുകുളങ്ങര എൻ .എച്ച് കായിപ്പുറം കായലോരം റോഡ്.

**കോഴിക്കോട് ജില്ല.**

5. പയ്യോളി പേരാമ്പ്ര റോഡ്

**കണ്ണൂർ ജില്ല**

6.ആറാംമൈൽ പാറപ്രം റോഡ്

(സി) കിഫ്ബി പദ്ധതികളുടെ നിർവ്വഹണം വേഗത്തിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വിവിധ സർക്കാർ ഏജൻസികളെ സ്പെഷ്യൽ പർപ്പസ്സ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ റോഡുകളുടെയും പാലങ്ങളുടേയും നിർമ്മാണ പ്രവ ൃത്തികളുടെ ഏകോപനത്തിന്റെ പ്രധാന ചുമതല കേരള റോഡ് ഫണ്ട് ബോർഡിനാണ്. ഇതിലേയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കൊപ്പം പ്രവൃത്തികളിൽ നേരിട്ട് മേൽനോട്ടം വഹിക്കുന്നതിനായി 89 പ്രൊജക്ട് എഞ്ചിനീയർമാരെയും 200 സൈറ്റ് സൂപ്പർവൈസർമാരെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതിനു പുറമേ കൃത്യമായ ഇടവേളകളിൽ ഇൻസ്പെക്ഷൻ നടത്തി നിർമ്മാണം വേഗത്തിലാക്കാനുള്ള നിർദ്ദേശങ്ങൾ നല്കിവരുന്നു.

(ഡി) നിർവ്വഹണ ഏജൻസിക്ക് സാങ്കേതികസഹായം നല്കുന്നതിന് കിഫ്ബി തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സഹായം സ്വീകരിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ഡി) നിർവ്വഹണ ഏജൻസികൾക്ക് കിഫ്ബി സാങ്കേതികസഹായം നൽകുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർ മാർക്കും കരാർ അടിസ്ഥാനത്തിൽ നിയമിച്ച എഞ്ചിനീയർമാർക്കും പദ്ധതി നിർവ്വഹണത്തിനാവശ്യമായ പരിശീലനം നൽകിവരുന്നു. ഇതിനുപുറമേ തീരദേശ ഹൈവേയുടെ പുതുക്കിനിശ്ചയിച്ചവീതി അനുസരിച്ചുള്ള ഡി.പി.ആർ തയ്യാറാക്കുന്നതും നൂതന സാങ്കേതിക വിദ്യയായ ഡ്രോൺ ഉപയോഗിച്ചുള്ള സർവ്വേ നടത്തുന്നതും ഉൾപ്പെടെയുള്ള സാങ്കേതിക സഹായങ്ങളാണ് കിഫ്ബി നൽകിവരുന്നത്.

**സെക്ഷൻ ഓഫീസർ**